**റസിഡൻഷ്യൻ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രവേശന മാനദണ്ഡം**

**155 (1047)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പിന്നോക്ക ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ മാനദണ്ഡം വിശദീകരിക്കുമോ ;

(ബി) ഇത്തരം സ്കൂളുകളിലെ കുട്ടികളുടെ നിലവാരം മറ്റ് സർക്കാർ സ്കൂളുകളിലെ നിലവാരവുമായി താരതമ്യപ്പെടുത്തി വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിലവാര വ്യത്യാസം ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനാടിസ്ഥാനത്തിൽ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടത്തുന്ന പ്രവേശനപരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് എം. ആർ. എസിൽ. 5-ാം ക്ലാസിലേയ്ക്ക് പ്രവേശനം നൽകുന്നു. രക്ഷിതാവിന്റെ വാർഷികവരുമാനം 40,000 രൂപയിൽ കൂടാൻ പാടില്ല. പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വരുമാനം ബാധകമല്ല. ഇവരെ പ്രവേശന പരീക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ആകെയുള്ള സീറ്റിൽ 90% പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും 10% സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കും നൽകുന്നു.

(ബി&സി) ഉണ്ട്. എം. ആർ. എസ്. സ്കൂളുകൾ ഒരു എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ്. ഈ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ഇടയ്ക്കിടെ കൂടുകയും സ്കൂൾ നിലവാരം വിലയിരുത്താറുണ്ട്. നിലവാരം കുറയുകയാണെന്ന് കണ്ടെത്തിയ സ്കൂളുകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലെ അപര്യാപ്തതകൾ**

**156 (1048)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലിൽ കുട്ടികൾക്ക് ശരിയായ ഭക്ഷണമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly